"ഭരണഭാഷ-മാതൃഭാഷ"

5201
26/8/21

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (കൈ) നം.22/2021/ധന — തീയതി, തിരുവനന്തപുരം, 11/02/2021

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/10/2020 -ലെ ഡി.കെ.എസ്.എ.2190/എസ്റ്റാ.1/ 2020 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ, വികസന അതോറിറ്റികൾ, കേരള ഭവന നിർമാണ ബോർഡ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ തുടങ്ങി എൺപതിലേറെ വിഭാഗങ്ങളിലായി 8566 സ്ഥാപനങ്ങളുടെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേനെ നിർവ്വഹിച്ചുവരുന്നു. കൂടാതെ ചാരിറ്റബിൾ എൻഡോവ്മെന്റ് കണക്കുകളുടെ സൂക്ഷിപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പിനാണ്. ഇതിനു പുറമെ സർക്കാരും ,കോടതിയും പ്രത്യേകം ഉത്തരവിലൂടെ ഏൽപ്പിച്ചു നൽകുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റും വകുപ്പ് നിർവ്വഹിച്ചു വരുന്നു. അതോടൊപ്പം ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മറ്റും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധമായ കണക്കുകൾ സർക്കാരിന് സമർപ്പിക്കൽ തുടങ്ങിയ ഉത്തരവാദിത്തങ്ങളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. വകുപ്പിന്റെ ഭാരിച്ച ഉത്തരവാദിത്തവും അധികജോലിഭാരവും കണക്കിലെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമഗ്ര പുനസംഘടനയുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ചില തസ്തികകൾ ഉയർത്തുന്നതിനുമുള്ള ശുപാർശ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശ കത്തു പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ പറയും പ്രകാരം 38 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയത്തിലെ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തസ്തിക സൃഷ്ടിക്കൽ

| ക്രമ നം. | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം , കൊല്ലം , എറണാകുളം , തൃശ്ശൂർ , കോഴിക്കോട് , കണ്ണൂർ , മലപ്പുറം എന്നീ 7 ജില്ലാ പഞ്ചായത്തുകളുടെയും ജില്ല കുടുംബശ്രീയുടെയും കൺകറന്റ് ഓഡിറ്റ് . | | | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 7 |

| | | | |
|---|---|---|---|
| **കുടുംബശ്രീ** | | | |
| 1 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 1 |
| 2 | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| 3 | ഓഡിറ്റർ | 27800-59400 | 6 |
| **കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ്** | | | |
| | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| | ഓഡിറ്റർ | 27800-59400 | 5 |
| **കേരള സാങ്കേതിക / മലയാള സർവ്വകലാശാല ഓഡിറ്റ് ഓഫീസുകൾ** | | | |
| | ജോയിന്റ് ഡയറക്ടർ | 85000-117600 | 2 |
| | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| | ഓഡിറ്റർ | 27800-59400 | 6 |
| **സ്പോർട്സ് കൗൺസിൽ ഓഡിറ്റ്** | | | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 1 |
| | ഓഡിറ്റ് ഓഫീസർ | 36600-79200 | 1 |
| 3 | ഓഡിറ്റർ | 27800-59400 | 3 |
| ആകെ | | | 38 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.ഡി.ഫെറോൾഡ് **സേവ്യർ**
അഡിഷണൽ **സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം 4627, തീയതി 10/02/2021)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ 1660662)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-02-2021**

ഫയൽ നം.എസ്റ്റാ-ഡി1/1/2021/ധന. ഇനം നം: 4627

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

4627

# കേരള സർക്കാർ
## ശ്രീ. പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്റ്റാ-ഡി1/1/2021-ധന |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച് . |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/02/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ധനകാര്യ വകുപ്പാണ് ഫയൽ കൈകാര്യം ചെയ്യുന്നത്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹൈറോൾഡ് സേവ്യർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/21 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ: ടി എം തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09/02/21 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/02/21 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതിയതായി 39 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശയാണ് ഈ കുറിപ്പിനാധാരം.

2) 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും, അനുപ്രകാരം രൂപീകരിച്ച 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിച്ചുവരുന്ന "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്" സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ, വികസന അതോറിറ്റികൾ, കേരള ഭവന നിർമാണ ബോർഡ്, കേരള ഭാഷാ ഇൻസ്റ്റിറ്റൂട്ട് ,കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ തുടങ്ങി എൺപതിലേറെ വിഭാഗങ്ങളിലായി 8566 സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹിച്ചുവരുന്നു കൂടാതെ ചാരിറ്റബിൾ എൻഡോവ്മെന്റ് കണക്കുകളുടെ സൂക്ഷിപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പിനാണ്. ഇതിനു പുറമേ സർക്കാരും കോടതിയും പ്രത്യേകം ഉത്തരവിലൂടെ ഏൽപ്പിച്ചു നൽകുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റും വകുപ്പ് നിർവ്വഹിച്ചു വരുന്നു. ഓഡിറ്റ് വകുപ്പിന്, തിരുവനന്തപുരത്ത് ഡയറക്ടറേറ്റിനു പുറമേ 57 ഓഡിറ്റ് സബ് - ഓഫീസുകളുമുണ്ട്. എന്നാൽ നിലവിൽ വകുപ്പിൽ ഓഡിറ്റ് / ഓഡിറ്റിതര ജോലികൾക്കായി 1155 ജീവനക്കാർ മാത്രമാണുള്ളത് . ഇതിൽ 835 ജീവനക്കാരാണ് ഓഡിറ്റിനായി നേരിട്ട് നിയോഗിക്കപ്പെടുന്നത്. കൂടാതെ വിവിധ ഓഫീസ് മേധാവികളും, വകുപ്പ് അധ്യക്ഷനായ ഡയറക്ടറും ഉൾപ്പെടെ 80 പേരാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

3 ) 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പൽ കൺസിലുകൾ, 6 നഗരസഭകൾ അടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുവാൻ വളരെ പരിമിതമായ മനുഷ്യ വിഭവശേഷി മാത്രമാണ് ഓഡിറ്റ് വകുപ്പിൽ നിലവിലുള്ളത് എന്നും സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വഖഫ് ബോർഡ്, അനാഥാലയങ്ങൾ, ലൈബ്രറി കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ തുടങ്ങിയ നിരവധിയായ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫലപ്രദമായി നിർവഹിക്കുവാൻ വകുപ്പിലെ നിലവിലെ മനുഷ്യ വിഭവശേഷിയുടെ പരിമിതികൊണ്ട് കഴിയുന്നില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. മേൽപ്പടി സ്ഥാപനങ്ങളുടെ ഓഡിറ്റ് നടപടികൾ കാര്യക്ഷമമായും കാലികമായും നടപ്പിലാക്കാനാവശ്യമായ മനുഷ്യവിഭവശേഷി ദൗർലഭ്യം വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു . ഓഡിറ്റ് ഫീസ് ഇനത്തിലും, നിലവിൽ വകുപ്പിനെ ഓഡിറ്റ് ചുമതല ഏൽപ്പിച്ച് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ധനസമാഹരണത്തെ കുറിച്ചും ധനവിനിയോഗത്തെ സംബന്ധിച്ചും അക്കൗണ്ടുകളുടെ പരിശോധനയിലൂടെ ന്യൂനതകൾ കണ്ടെത്തുക എന്ന പ്രക്രിയയിലൂടെ ക്രമരഹിതമായ ചെലവഴിക്കലുകൾക്ക് കടിഞ്ഞാണിടുന്നതുവഴിയും സർക്കാറിന്റെ സഞ്ചിത നിധിയിലേക്ക് ഭീമമായ തുകയാണ് ഓഡിറ്റ് വകുപ്പ് സമാഹരിക്കുവാൻ സഹായിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ വകുപ്പ് അഭിമുഖീകരിക്കുന്ന മനുഷ്യ വിഭവശേഷിയുടെ അപര്യാപ്തത ചെറിയതോതിലെങ്കിലും പരിഹരിച്ച് ഓഡിറ്റ് കാര്യക്ഷമവും കാലികവുമാക്കുവാൻ കഴിയുന്ന തരത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാറിനോട് ആവശ്യപെട്ടിരുന്നു.

4) ഓഡിറ്റിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന് കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിരന്തരം ആവശ്യപ്പെടുകയും സമിതിയുടെ റിപ്പോർട്ടുകളിൽത്തന്നെ പലപ്പോഴായി പരാമർശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് നികത്തേണ്ടതുണ്ട് . ആയതിനാൽ ചുവടെ ചേർക്കും പ്രകാരം ഓഡിറ്റ് വകുപ്പിൽ 39 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ബഹു: ധനകാര്യ വകുപ്പ് മന്ത്രി 01/02/2021 ൽ ഉത്തരവിടുകയുണ്ടായി.

| ക്രമ നമ്പർ | ഓഡിറ്റ് കാര്യാലയം | ജോയിന്റ് ഡയറക്ടർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ( അപ്ഗ്രഡേഷൻ ) | ഓഡിറ്റ് ഓഫീസർ | ഓഡിറ്റർ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം , കൊല്ലം , എറണാകുളം , തൃശ്ശൂർ , കോഴിക്കോട് , കണ്ണൂർ , മലപ്പുറം എന്നീ 7 ജില്ലാ പഞ്ചായത്തുകളുടെയും ജില്ല കുടുംബശ്രീയുടെയും കൺകറന്റ് ഓഡിറ്റ് . | 0 | 7 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കുടുംബശ്രീ | 0 | 1 | 0 | 2 | 6 |
| 3 | കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് | 0 | 0 | 1 | 2 | 5 |
| 4 | കേരള സാങ്കേതിക / മലയാള സർവ്വകലാശാല ഓഡിറ്റ് ഓഫീസുകൾ . | 2 | 0 | 0 | 2 | 6 |
| 5 | സ്പോർട്സ് കൗൺസിൽ ഓഡിറ്റ് | 0 | 1 | 0 | 1 | 3 |
| | ആകെ | 2 | 9 | 1 | 7 | 20 |

5) മേൽപ്പടി പ്രകാരമുള്ള തസ്തികകളുടെ ശമ്പള സ്കെയിലും, ആയത് സൃഷ്ടിക്കുമ്പോൾ സർക്കാരിന് ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പുതുതായി അനുവദിക്കേണ്ടുന്ന തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രതിവർഷ സാമ്പത്തിക ബാധ്യത | ആകെ ( രൂപ ) |
|---|---|---|---|---|---|
| 1 | ജോയിന്റ് ഡയറക്ടർ | 2 | 85000-117600 | (85000+17000)x2x12 | 24,48,000 |
| 2 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 9 | 77400-115200 | (77400+15480)x9x12 | 1,00,31,040 |
| 3 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>( അപ്ഗ്രേഡേഷൻ ) | 1 | 77400-115200 | (77400+15480)-(45800+9160)x1x12 | 4,55,040 |
| 4 | ഓഡിറ്റ് ഓഫീസർ | 7 | 36600-79200 | (36600+7320)x7x12 | 3689280 |
| 5 | ഓഡിറ്റർ | 20 | 27800-59400 | (27800+5560)x20x12 | 8006400 |
| | ആകെ | 39 | | | 24629760 |

6) ഇത് സംബന്ധിച്ച ഫയൽ ബഹു: മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ, മുകളിലെ ഖണ്ഡിക 4 ന കീഴിലെ പട്ടികയിൽ പറയും പ്രകാരം 39 പുതിയ തസ്തികകൾ സൃഷ്ടിക്കാമോ?